നേമം വില്ലേജിൽ സർവ്വേ 339/3-ൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമി

1046 [1664] ശ്രീ. എം. കെ. കൃഷ്ണൻ:

,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ നേമം വില്ലേജിൽ സർവ്വേ 339/3-ൽ നിന്നും മിച്ചഭൂമി ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഭൂമി ആരുടെ വകയായിരുന്നു; എത്ര ഏക്കറാണ് ഏറ്റെടുത്തത്;

(സി) അർഹരായവർക്ക് ഈ ഭൂമി വിതരണം ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർക്ക്; ഇവർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(ഇ) പട്ടയം നൽകിയിട്ടുണ്ടെങ്കിൽ എന്നാണ് നൽകിയത്?

ഉത്തരം

(എ) ഉണ്ട്.

(ബി) വഞ്ചിയൂർ വില്ലേജിൽ ട്രിവാൻഡ്രം ശാരദാമന്ദിരത്തിൽ ശ്രീമതി പി. എസ്. സേതുകുമാരിഅമ്മയുടെ വകയായിരുന്നു. 3 ഏക്കർ 57 സെന്റ് സ്ഥലമാണ് ഏറ്റെടുത്തത്.

(സി) 26-9-1976-ലെ ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം അർഹരായവർക്ക് ഭൂമി പതിച്ചുകൊടുക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 36 പേർക്ക് പ്ലോട്ട് അനുവദിക്കുകയും 30 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) 1976 ഒക്ടോബർ, നവമ്പർ മാസങ്ങളിൽ പട്ടയം നൽകിഎന്നാൽ ഹൈക്കോടതി വിധിയിൻമേൽ പ്രസ്തുത സീലിംഗ് കേസ് താലൂക്ക് ലാൻറ് ബോർഡിന്റെ പുനഃപരിശോധനയ്ക്ക് വിധേയമായിരിക്കുന്നതിനാൽ പട്ടയക്കാർക്ക് ഭൂമി കൈവശാനുഭവത്തിന് കൊടുത്തിട്ടില്ല.

കൊപ്രാ മാർക്കറ്റിംഗ് സഹകരണസംഘം

1047 [1665] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു–സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽപ്പെട്ട കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജിൽ 56-ാം നമ്പർ കൊപ്രാ മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ ഇന്നത്തെ നില എന്ത്;

(ബി) ടി സംഘം വക കെട്ടിടവും ഉപകരണങ്ങളും ഭൂമിയും ലേലം വിളിച്ചു ലഭിച്ച സംഖ്യയിൽനിന്നും ഷെയർ ഉടമകൾക്ക് എന്തെങ്കിലും ലഭിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly